ഭരണഭാഷ മാതൃഭാഷ

# കേരള സംസ്ഥാന യുവജന കമ്മീഷൻ

**വികാസ് ഭവൻ തിരുവനന്തപുരം- 695003**

**ഫോൺ 0471 2308630 ഫാക്സ് 0471 2308530**

**കേരള സംസ്ഥാന യുവജന കമ്മീഷൻ 11-11-2019 ന്**

**പുറപ്പെടുവിക്കുന്ന ഉത്തരവ്**

**സന്നിഹിതർ : കുമാരി ചിന്താ ജെറോം, (ചെയർപേഴ്സൺ)**

**ശ്രീ.വിനിൽ വി (കമ്മീഷനംഗം)**

**ശ്രീ.കെ.മണികണ്ഠൻ (കമ്മീഷനംഗം)**

**ശ്രീമതി.വിദ്യ കെ കെ (കമ്മീഷനംഗം)**

**ശ്രീമതി.ഷജീറ കെ.പി (കമ്മീഷനംഗം)**

**കേസ് നമ്പർ : നം. 1033/എ2/2018/കേ.സം.യു.ക.**

| പരാതി കക്ഷി | എതിർ കക്ഷി |
|---|---|
| **ശ്രീ.രാഗേഷ് പി** | **രജിസ്ട്രാർ** |
| എസ്.എം.നിവാസ് | കണ്ണൂർ സർവ്വകലാശാല |
| തിരുവക്കോളി | തവക്കര |
| (പി.ഓ) ബേക്കൽ | സിവിൽ സ്റ്റേഷൻ പി.ഓ |
| കാസർഗോഡ്. | കണ്ണൂർ -670002. |

## ഉത്തരവ്

പരാതികക്ഷിക്ക് എതിർകക്ഷിയുടെ കീഴിലുള്ള മാടായി കോ-ഓപ്പറേറ്റീവ് ആർട്സ് ആന്റ് സയൻസ് കോളേജിൽ സ്പോർട്സ് ക്വാട്ടയിൽ ബി.കോം. ബിരുദ കോഴ്സിന് പ്രവേശനം ലഭിച്ചിരുന്നു. കാലിന് പറ്റിയ പരിക്കിനെ തുടർന്ന് മൂന്നാം സെമസ്റ്ററിൽ, 2019-20 അധ്യായന വർഷത്തിൽ, കാഞ്ഞങ്ങാട് നെഹ്റു കോളേജിലേയ്ക്ക് കോളേജ് മാറ്റത്തിന് അപേക്ഷ നല്കിയിരുന്നു. കാഞ്ഞങ്ങാട് നെഹ്റു കോളേജ് അധികൃതർ എൻ.ഓ.സി. നല്കിയെങ്കിലും പരാതികക്ഷി സമയ ബന്ധിതമായി എതിർകക്ഷി മുൻപാകെ അപേക്ഷ സമർപ്പിക്കാത്തതിനാൽ കോളേജ് മാറ്റം സാധ്യമായില്ല. ഈ സാഹചര്യത്തിൽ പരാതികക്ഷിയുടെ ഭാവി പരിഗണിച്ച്, അറിവില്ലായ്മ മൂലം വന്ന വീഴ്ച മാപ്പാക്കി, ചട്ടങ്ങൾക്ക് വിധേയമായി മൂന്നാം സെമസ്റ്ററിലേയ്ക്ക് മാടായി കോ-ഓപ്പറേറ്റീവ് ആർട്സ് ആന്റ് സയൻസ് കോളേജിൽ നിന്നും കാഞ്ഞങ്ങാട് നെഹ്റു കോളേജിലേയ്ക്ക് കോളേജ് മാറ്റം നല്കുന്നതിനാവശ്യമായ നടപടികൾ നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി എതിർകക്ഷി സ്വീകരിക്കേണ്ടതാണ്.

**(ഒപ്പ്)**

**ചെയർപേഴ്സൺ**

**സെക്രട്ടറി**

പകർപ്പ്

**പ്രിൻസിപ്പാൾ**

കോ-ഓപ്പറേറ്റീവ് ആർട്സ് ആന്റ് സയൻസ് കോളേജ്, മാടായി

പി.ഓ, പഴയങ്ങാടി (ആർ.എസ്), കണ്ണൂർ -670358